"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- വടക്കാഞ്ചേരി നഗരസഭയിൽ എൽ.ഡി.ക്ളർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ടിൻസി.കെ.എ.-ക്ക് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2100/2023/LSGD തീയതി,തിരുവനന്തപുരം, 27-10-2023

---

പരാമർശം:- പ്രിൻസിപ്പൽ ഡയറക്ടറുടെ 01.08.2023 തീയതിയിലെ LSGD/PD/39105/2023-DEC4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വടക്കാഞ്ചേരി നഗരസഭയിൽ എൽ.ഡി. ക്ളർക്ക്/ബിൽ കളക്ടർ തസ്തികയിൽ 09.12.2019ൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.ടിൻസി.കെ.എ. ടിയാളുടെ കുട്ടിയുടെ ചികിത്സാർത്ഥം (സെറിബ്രൽ പാൾസി) 09.03.2020 മുതൽ 04.07.2020 വരെയും 05.07.2020 മുതൽ 31.12.2020 വരെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിലേയ്ക്കായി സമർപ്പിച്ച അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം പരാമർശകത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വടക്കാഞ്ചേരി നഗരസഭയിൽ എൽ.ഡി.ക്ളർക്ക്/ബിൽ കളക്ടർ തസ്തികയിൽ 09.12.2019ൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.ടിൻസി.കെ.എ.-യ്ക്ക്, 09.03.2020 മുതൽ 31.12.2020 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I ചട്ടം 88 (ii) ൽ ഇളവ് വരുത്തി മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി.ടിൻസി.കെ.എ., എൽ.ഡി.ക്ളർക്ക്/ബിൽ കളക്ടർ, വടക്കാഞ്ചേരി നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, വടക്കാഞ്ചേരി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 27-10-2023 16:50:06

സെക്ഷൻ ഓഫീസർ